**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4263** **28-06-2024 - ൽ മറുപടിയ്ക്ക്**

**ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മയക്കുമരുന്നിനെതിരെയുള്ള സന്ദേശം യുവജനങ്ങളിൽ എത്തിക്കുന്നതിനായി ഗോൾചലഞ്ച് എന്ന പേരിൽ നടത്തിയ പ്രചാരണ പരിപാടിയുടെ വിശദാംശം നൽകാമോ; | (എ) | മയക്കുമരുന്നിനെതിരെയുള്ള സന്ദേശം യുവജനങ്ങളിൽ എത്തിക്കുന്നതിന്റെ ഭാഗമായി കായിക വകുപ്പിന്റെ നേതൃത്വത്തിൽ രണ്ട് കോടി ഗോൾ അടിക്കുന്ന രീതിയിൽ 'ഗോൾ ചലഞ്ച്' എന്ന പരിപാടി 2022 നവംബർ 16 മുതൽ 2022 ഡിസംബർ 18 വരെ സംഘടിപ്പിച്ചിരുന്നു. ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി 16.11.2022ന് വൈകുന്നേരം ഓൺലൈനായി നിർവഹിച്ചു. ടി ഉദ്ഘാടന പരിപാടിയിൽ ബഹു. കായിക വകുപ്പ് മന്ത്രിയും എക്സൈസ് വകുപ്പ് മന്ത്രിയും പങ്കെടുത്തിരുന്നു.<br><br>ഗോൾ ചലഞ്ച് എന്ന പരിപാടിയിൽ മന്ത്രിമാരും, ജനപ്രതിനിധികളും, ജനനേതാക്കളും, സെലിബ്രിറ്റികളും പങ്കെടുത്തതുമൂലം ഈ പരിപാടിയിലൂടെ യുവജനങ്ങൾക്കിടയിൽ കായിക ലഹരിയിലൂടെ മയക്കുമരുന്നിനെതിരെ അവബോധം വളർത്തുന്നതിനു സാധിച്ചിട്ടുണ്ട്. സോഷ്യൽ മീഡിയയിലൂടെ മന്ത്രിമാരും, ജനപ്രതിനിധികളും, ജനനേതാക്കളും, സെലിബ്രിറ്റികളും, പൊതുജനങ്ങളും ഗോളടിക്കുന്ന വീഡിയോ പങ്ക് വച്ച് ഈ പരിപാടി വിജയകരമായി നടപ്പാക്കിയിരുന്നു. |
| (ബി) | സംസ്ഥാനത്തെ ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ യുവജനങ്ങളുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മദ്യം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരായ കാമ്പയ്നിൽ വിദ്യാർത്ഥികളെയും യുവജനങ്ങളെയും ഉൾക്കൊള്ളിക്കുന്നതിനും പ്രസ്തുത പ്രചരണ പരിപാടികൾ വിദ്യാലയങ്ങളിലേയ്ക്കും | (സി) | നിലവിലുണ്ട്. സർക്കാർ നടപ്പിലാക്കിയ 'നോ ടു ഡ്രഗ്സ്' ക്യാമ്പയിൻ പ്രധാനമായും സ്കൂളുകളും കലാലയങ്ങളും കേന്ദ്രീകരിച്ചാണ് നടപ്പിലാക്കിയത്. 2024 ജൂൺ 26 മുതൽ 2025 ജനുവരി 30 വരെ നീണ്ടു നിൽക്കുന്ന നോ ടു ഡ്രഗ്സ് ക്യാമ്പയിനിന്റെ അടുത്ത |

| | | | |
|---|---|---|---|
| | കലാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനും പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ; | | ഘട്ടത്തിലും വിവിധ തരത്തിലുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | ലഹരി വിരുദ്ധ കാമ്പയ്ൻ വിഷയമാക്കിക്കൊണ്ടുള്ള കലാരൂപങ്ങൾ തയ്യാറാക്കി അവതരിപ്പിക്കുന്ന മികച്ച സ്കൂളുകൾക്കും കോളേജുകൾക്കും പ്രത്യേക പുരസ്കാരങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ